കൊട്ടാരക്കര മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പ്രവൃത്തികൾ

75 (3042) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി കൊല്ലം ജില്ലയിൽനിന്നും തയ്യാറാക്കി അയച്ചിരുന്ന പ്രൊപ്പോസലുകളുടെ വിശദാംശങ്ങളും അനുമതി ലഭിച്ചവയുടെ വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി കൊല്ലം ജില്ലയിൽനിന്നും ആകെ 9 പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ടാബ്ലെ XX-ൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

കേന്ദ്രാവിഷ്കൃത പദ്ധതികൾ

76 (3043) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തികവർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly